പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 87 — 14-10-2026-ൽ മറുപടിയ്ക്ക്

# പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

| ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി |
|---|---|
| ശ്രീ. ബി. ബി. ഗോപകുമാർ | ശ്രീമതി കെ. എ. തുളസി<br>(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |

**(എ)** ദുർബല ഗോത്രവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി: സംസ്ഥാനത്തെ ദുർബല ഗോത്ര വിഭാഗങ്ങൾക്ക് (PVTG) വേണ്ടി മാത്രമായി രണ്ട് പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ നടപ്പിലാക്കുന്ന "പ്രധാൻ മന്ത്രി ജൻജതി ആദിവാസി ന്യായ മഹാ അഭിയാൻ (PM- JANMAN)" എന്ന പദ്ധതിക്കായി നടപ്പ് വർഷം 6,72,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 1,74,26,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.**

**സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന അടിയ, പണിയ, പി.വി.ടി.ജി വിഭാഗക്കാർക്കുള്ള പ്രത്യേക പദ്ധതിക്കായി നടപ്പ് വർഷം 3,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ 42,70,000/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പണിയ വിഭാഗത്തിനായി ഒരു കോടി രൂപയും പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്.**

**ഇതിന് പുറമെ DAJ-GUA പദ്ധതിയിലുൾപ്പെടുത്തി സിക്കിൾ സെൽ അനീമിയ രോഗം കണ്ടെത്തുന്നതിനും തുടർ ചികിത്സക്കുമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ COC (Centre of Competence) സ്ഥാപിക്കുന്നതിനുള്ള നടപടിയും വനാവകാശ നിയമം ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി ജില്ലകളിൽ FRA സെൽ രൂപീകരിക്കുന്നതിനുള്ള നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നിലമ്പൂർ, മലമ്പുഴ, തിരുനെല്ലി, നൽപ്പുഴ എന്നിവിടങ്ങളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. വകുപ്പ് നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളിലും ഈ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകി വരുന്നു.**

**(ബി)** ആദിവാസി മേഖലകളിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, ഇന്റർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി: പരിശോധിച്ചിട്ടുണ്ട്.**

**പട്ടികവർഗ്ഗ മേഖലകളിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, ഇൻറർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് അംബേദ്കർ സെറ്റിൽമെൻ്റ് പദ്ധതി, ഊരുകളുടെ ഉപജീവന പദ്ധതി, ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടികവർഗ്ഗ ഊരുകളിലൂടെ ആരോഗ്യ ശാക്തീകരണം തുടങ്ങി വിവിധ**

**പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കി വരുന്നുണ്ട്. ജൽജീവൻ മിഷൻ, കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണം ഉറപ്പ് വരുത്തി പ്രസ്തുത അടിസ്ഥാന സൗകര്യ പോരായ്മ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നുമുണ്ട്.**

**(സി)** ആദിവാസി മേഖലകളിലെ ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> **ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് ഉൾവനങ്ങളിലും വിദൂര പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനായി വിപുലമായ മൊബൈൽ മെഡിക്കൽ യൂണിറ്റ് (MMU) സംവിധാനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സജ്ജീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ഇടുക്കിയിലെ മൂലമറ്റം, പാലക്കാട്ടെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേന സംസ്ഥാനത്തെ 11 ജില്ലകളിലായി 14 യൂണിറ്റുകൾ ഉൾപ്പെടെ ആകെ 17 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സജീവ സേവനം വിവിധ പട്ടികവർഗ്ഗ മേഖലകളിൽ നിലവിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.**

**പ്രസ്തുത മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമിക രോഗനിർണ്ണയത്തിനാവശ്യമായ വിവിധ ലാബ് പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളും അത്യാവശ്യ മരുന്നുകളും സജ്ജീകരിച്ചിട്ടുള്ള ഇത്തരം വാഹനങ്ങൾ വഴി ഊരുകളിലെത്തി നേരിട്ട് ചികിത്സയും ആരോഗ്യ പരിചരണവും നൽകി വരുന്നു. എല്ലാ ആദിവാസി ഊരുകളിലും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മുൻകൂട്ടി നിശ്ചയിച്ച പ്രത്യേക സന്ദർശന ഷെഡ്യൂൾ തയ്യാറാക്കിയാണ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്. മാത്രമല്ല, വാഹനങ്ങൾ നിശ്ചിത തീയതികളിൽ ഊരുകളിൽ എത്തിച്ചേരുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനായി ജി.പി.എസ് (GPS) അധിഷ്ഠിത സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ എസ്.ടി പ്രൊമോട്ടർമാർ, ഹാംലെറ്റ് ആശാ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ഗർഭിണികൾ, കിടപ്പുരോഗികൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവരിലേക്ക് കൃത്യമായി വൈദ്യസഹായം എത്തിക്കാനും ഇതിലൂടെ സാധിക്കുന്നുണ്ട്.**

**(ഡി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏക വരുമാനദായകന്റെ മരണം സംഭവിക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷ തീർപ്പാക്കുന്നതിനുള്ള സമയപരിധിയും വിശദമാക്കുമോ;

<u>മറുപടി:</u> <u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

പട്ടികവർഗ കുടുംബത്തിലെ ഏക വരുമാനദായകന് മരണം സംഭവിച്ചാൽ ആശ്രിത കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 2,00,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ആവശ്യമായ രേഖകളും:

**ജാതി:** അപേക്ഷകർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം (ജാതി സർട്ടിഫിക്കറ്റ്).

**വരുമാന പരിധി:** കുടുംബത്തിന്റെ വാർഷിക വരുമാനം 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ) കവിയരുത് (വരുമാന സർട്ടിഫിക്കറ്റ്).

**മരണ സർട്ടിഫിക്കറ്റ്:** മരണപ്പെട്ടയാളുടെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**ഏക വരുമാനദായക സർട്ടിഫിക്കറ്റ്:**

മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏക വരുമാനദായകനായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന തഹസിൽദാറുടെയോ വില്ലേജ് ഓഫീസറുടെയോ സാക്ഷ്യപത്രം.

**പുനർവിവാഹ സർട്ടിഫിക്കറ്റ്:** അപേക്ഷക ഭാര്യയാണെങ്കിൽ, അവർ പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം.

**തിരിച്ചറിയൽ രേഖകൾ:** റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ.

**നടപടിക്രമവും അപേക്ഷ തീർപ്പാക്കലും:** നിലവിൽ ഈ പദ്ധതി T-Grantz പോർട്ടൽ മുഖേന പൂർണ്ണമായും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടേയും (TEO), തുടർന്ന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെയും (TDO) ശിപാർശ സഹിതം പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുന്നു. ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി തുടർ നപടികൾക്കായി സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. പൂർണമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമവും ഫണ്ട് ലഭ്യതയും അനുസരിച്ച് തീർപ്പാക്കുന്നു.

**<u>പട്ടികജാതി വികസന വകുപ്പ്:</u>**

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായ കനായ വ്യക്തി മരണപ്പെട്ടാൽ 2,00,000/- രൂപ നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായി രുന്നുവെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം. മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**(ഇ)** പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി ബജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി ബജറ്റിൽ വകയിരുത്തുന്ന തുക മുൻവർഷങ്ങളിൽ പൂർണ്ണമായി ചിലവഴിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻ സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണവും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലുള്ള കാലതാമസവും പദ്ധതി വിഹിതം വെട്ടി ചുരുക്കലും ഈ സ്ഥിതി വിശേഷത്തിന് കാരണമായി.

**(എഫ്)** പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭൂമി, വീട്, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>മറുപടി:</u> പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭൂമി, വീട്, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിവരം**

ചുവടെ ചേർക്കുന്നു:

<u>ഭൂമി:</u>

സംസ്ഥാനത്തെ ഭൂരഹിതരും, ഭൂമി കുറവുള്ളതുമായ ആധിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും, ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരുടെ സർവ്വോത്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 09.11.2001-ലെ സ.ഉ.(അച്ചടി) നമ്പർ 63/2001/പജ.പവ.വിവ. പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ (TRDM) രൂപീകരിച്ചു. ഇതോടൊപ്പം വനാവകാശ നിയമപ്രകാരം ഭൂമിക്ക് രേഖ നൽകുന്ന പ്രവർത്തനവും മിഷൻ നടത്തിവരുന്നു.

<u>വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം</u>

വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സംസ്ഥാനമൊട്ടാകെ 620 വനാവകാശ കമ്മിറ്റികൾ മുഖേന നാളിതുവരെയായി 29,541 പേർക്ക് 39,043.58 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.

<u>നിക്ഷിപ്ത വനഭൂമി വിതരണം:</u>

സുപ്രിംകോടതി വിധി പ്രകാരം കേന്ദ്രസർക്കാർ വിതരണത്തിനായി അനുമതി നൽകിയ 19002 ഏക്കർ (7693.21 ഹെക്ടർ) നിക്ഷിപ്ത വനഭൂമിയിൽ നിന്നും 4,217 പേർക്കായി 2131.10 ഹെക്ടർ (5263.79 ഏക്കർ) ഭൂമിക്ക് ഇതുവരെ പട്ടയം/കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.

<u>ഭൂമി വാങ്ങി നൽകൽ പദ്ധതി:</u>

പട്ടികവർഗക്കാരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുനനതിനായി 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം 816 പേർക്ക് 386.04 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്.

<u>ലാന്റ് ബാങ്ക് പദ്ധതി:</u>

ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 495 പേർക്ക് 95.64 ഏക്കർ ഭൂമി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

<u>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള ഭൂമി വിതരണം:</u>

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി.ആർ.ഡി.എം മുഖേനേ ഭൂമി വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(Annexure – 1)

<u>വീട്:</u>

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമാണ ധനസഹായം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം മുതൽ പുതിയ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. <u>വിദ്യാഭ്യാസം:</u>

<u>വിദ്യാവാഹിനി</u>

നടപ്പ് വർഷം 23045 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിലേക്ക് പോയിവരാൻ യാത്രാ സൗകര്യം ഒരുക്കി നൽകുന്നതിനായി ആവിഷ്കരിച്ച് വിദ്യാവാഹിനി നടപ്പിലാക്കുന്നതിനായി 1865.45 ലക്ഷം രൂപ അനുവദിച്ചു.

<u>സ്കോളർഷിപ്പ്</u>

<u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>

**നഴ്സറി തലം മുതൽ എസ്.എസ്.എൽ,,സി വരെ പഠനം നടത്തുന്ന 60,000 ഓളം കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് നൽകുന്നതിനായി ജില്ലാ ഓഫീസുകൾക്ക് 1607 ലക്ഷം രൂപ അനുവദിച്ചു.**

**<u>9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്രസഹായ സ്കോളർഷിപ്പ്:</u>**

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം (75% കേന്ദ്ര വിഹിതം 25% സംസ്ഥാന വിഹിതം) പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നതിനായി 10077 ക്ലെയിമുകൾക്ക് 241.01 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:</u>

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം (75% കേന്ദ്ര വിഹിതം 25% സംസ്ഥാന വിഹിതം) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നതിനായി 4511 ക്ലെയിമുകൾക്ക് 295.20 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 9970 ക്ലെയിമുകൾക്ക് 1486.41 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം:</u>

അക്കാഡമിക് കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനായി നടപ്പ് വർഷം 562 വിദ്യാർത്ഥികൾക്ക് 27.58 ലക്ഷം രൂപ അനുവദിച്ചു.

<u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്പ്മെന്റ്:</u>

സാമ്പത്തികപരമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പ് വർഷം 626 വിദ്യാർത്ഥികൾക്ക് 17 ലക്ഷം രൂപ അനുവദിച്ചു.

<u>വിദേശപഠനത്തിനുള്ള ധനസഹായം:</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി നടപ്പ് വർഷം 9 വിദ്യാർത്ഥികൾക്ക് 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>അന്യസംസ്ഥാന പഠനം:</u>

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നതിനായി രണ്ട് വിദ്യാർത്ഥികൾക്ക് 3.24 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ലാപ്പ്ടോപ്പ്:</u>

സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഐ.ടി മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി ലാപ് ടോപ്പ് വാങ്ങുന്നതിനായി

സ്കോളർഷിപ്പ് നൽകി വരുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 22 വിദ്യാർത്ഥികൾക്ക് 6.60 ലക്ഷം രൂപ അനുവദിച്ചു.

സിവിൽ സർവീസ് പരിശീലനം:

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം, എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. നടപ്പ് വർഷം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

സാമൂഹ്യപഠനമുറി:

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക, വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക, പഠനാഭിമുഖ്യം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. നടപ്പ് വർഷം ജില്ലാ ഓഫീസുകൾക്ക് 736.4 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാനത്ത് ഒട്ടാകെ 8000 ഓളം കുട്ടികൾക്കായി 351 സാമൂഹ്യ പഠനമുറി പ്രവർത്തിച്ചുവരുന്നു.

ഗോത്രബന്ധു:

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പ് വർഷം കുടിശ്ശിക അനുവദിക്കുന്നതിനായി 60.45 ലക്ഷം രൂപ അനുവദിച്ചു.

ആരോഗ്യ പരിരക്ഷ

സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 19.09 കോടി രൂപ ഇതിനോടകം വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം:

വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം. നടപ്പ് വർഷം 932 രോഗികൾക്ക് 273.92 ലക്ഷം രൂപ അനുവദിച്ചു.

പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി:

പട്ടികവർഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് ഒരു ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിച്ച് വരുന്നു. കുടുംബത്തിന്റെ ഏക വരുമാനദായകന് മരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/- രൂപവരെ ഈ പദ്ധതിവഴി അനുവദിക്കുന്നതാണ്.

ജനനീ ജന്മരക്ഷാ പദ്ധതി:

ഗർഭസ്ഥ ശിശുവിന്റെ 3-ാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് ആകുന്നതുവരെയുള്ള കാലയളവ് (18 മാസം) പ്രതിമാസം ₹2000/- രൂപ നിരക്കിൽ 8500 ഓളം ഗുണഭോക്താക്കൾക്ക് 1128.17 ലക്ഷം രൂപ അനുവദിച്ചു.

<u>ട്രൈബൽ പാരാമെഡിക്സ് ട്രെയിനി:</u>

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നേഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന പദ്ധതിയാണ് "ട്രൈബൽ പാരാമെഡിക്സ്" ട്രെയിനി പദ്ധതി. നടപ്പ് വർഷം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

<u>മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ:</u>

ഇടുക്കി, തിരുവനന്തപുരം, പാലക്കാട് ജില്ലയിലെ മൂലമറ്റം, നെടുമങ്ങാട്, അട്ടപ്പാടി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**KMSCL (Kerala Medical Services Corporation Limited)**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 - എണ്ണം), കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് (2 എണ്ണം) എന്നീ ജില്ലകളിൽ ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

<u>ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും:</u>

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

ഇടുക്കി ജില്ലയിൽ വെള്ളക്കയം, കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഒ.പി. ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി. ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്കു വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ മൂന്ന് ANM സെന്ററുകൾ പ്രവർത്തിക്കുന്നു (Auxilary Nurse & Mid-wifery Centre).

<u>ആംബുലൻസ് സേവനം:</u>

പട്ടികവർഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ഐ.റ്റി.ഡി.പി. വയനാട്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് മാനന്തവാടി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി എന്നീ ഓഫീസുകളുടെ നിയന്ത്രണത്തിൽ ആറ് ആംബുലൻസുകൾ (ഓരോയിടത്തും രണ്ട് വീതം), അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന് കീഴിൽ ഒരു ആംബുലൻസും പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളെ കോളനികളിൽ നിന്നും മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഉൾപ്പെടെ വിവിധ ആശുപത്രികളിലേയ്ക്കും ചികിത്സ കഴിഞ്ഞവരെ തിരികെ കോളനികളിൽ എത്തിക്കുന്നതിനും ഉപയോഗത്തിലുണ്ട്.

<u>ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് വയനാട്</u>:

വയനാട് ജില്ലയിൽ പട്ടികവർഗ വിഭാഗത്തിലുള്ള ആളുകൾക്ക് മാനസിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി കോഴിക്കോട് IMHANS മുഖേന സാമൂഹ്യ നീതി വകുപ്പ്

നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്. നടപ്പ് വർഷം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

<u>തൊഴിൽ:</u>

പട്ടിക വർഗ വിഭാഗത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും നൈപുണ്യ വികസനം സാധ്യമാക്കുന്നതിനുമായി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഏവിയേഷൻ മേഖലയിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തി പട്ടികവർഗ വിഭാഗത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 'വിംഗ്സ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ 20 വിദ്യാർത്ഥികൾക്കായി Diploma in Air Transport Studies എന്ന കോഴ്സ് Kerala Institute of Travel and Tourism Studies മുഖേന നടത്തിവരുന്നു. പദ്ധതിയുടെ ആദ്യ ഗഡു ₹11,88,000/- അനുവദിച്ചിട്ടുണ്ട്.

**നൈപുണ്യ വികസനത്തിനായി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2026-27 സാമ്പത്തിക വർഷത്തിലെ പ്രസ്തുത പദ്ധതികളുടെ പുരോഗതി ഉൾപ്പെടുന്ന പട്ടിക ചുവടെ ചേർക്കുന്നു (Annexure 2).**

**സെക്ഷൻ ഓഫീസർ**

(Annexure 1)

| ജില്ല | വനാവകാശ നിയമം | | ലാന്റ് ബാങ്ക് പദ്ധതി | | ആകെ | |
|---|---|---|---|---|---|---|
| | റൈറ്റിലുകളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
| തിരുവനന്തപുരം | 96 | 231.12 | – | – | 96 | 231.12 |
| കാസർഗോഡ് | – | – | 73 | 17.09 | 73 | 17.09 |
| **ആകെ** | **96** | **231.12** | **73** | **17.09** | **169** | **248.21** |

സെക്ഷൻ ഓഫീസർ

(Annexure 2)

| കോഴ്സ് | പരിശീലനാർഥികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കുന്ന സ്ഥാപനം | 2026-27 സാമ്പത്തിക വർഷം അനുവദിച്ച തുക |
|---|---|---|---|---|
| Diploma in Multi Skilled tourism/Hospitality Executive | 60 | 55,80,000 | Kerala Institute of Travel and Tourism Studies | 1116000 |
| P.G Diploma in Tourism & Hospitality Management | 30 | 57,84,000 | Kerala Institute of Travel and Tourism Studies | 1156800 |
| Diploma in Food Production | 30 | 76,77,000 | Institute of Hotel Management and Catering Technology | 1535400 |
| Post Graduate Programme in Data Science and Machine Learning | 30 | 98,64,800 | ICT Academy | 2466200 |
| Post Graduate Diploma in Block Chain Technology | 20 | 45,12,000 | Digital University | 13,16,388 |

Chithra

സെക്ഷൻ ഓഫീസർ